## സബ്മിഷൻ

മി. ചെയർമാൻ: ഇന്ന് രണ്ടു ബില്ലുകൾ സഭയിൽ ചർച്ചയ്ക്ക് എടുക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു മിനിട്ടുകൊണ്ട് അവതരിപ്പിക്കേണ്ടതാണ്.

സർഫാസി നിയമത്തിന്റെ ദുരുപയോഗം

ശ്രീ. എം. സ്വരാജ്: സർ, ഐക്യകേരളത്തിന് 60 ആണ്ട് തികയുന്ന ഈ വേളയിൽ തീർത്തും അവിശ്വസനീയവും നമ്മളെയൊക്കെ ഞെട്ടിപ്പിക്കുന്നതും അങ്ങേയറ്റം നിരാശാജനകവുമായ ഒരു വൻ തട്ടിപ്പിനെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. ബാങ്കുകളുടെ കിട്ടാക്കടം തിരിച്ചുപിടിക്കാൻ എന്ന പേരിൽ 2002-ലാണ് ശ്രീ. വാജ്പേയ് സർക്കാർ പാർലമെന്റിൽ സർഫാസി നിയമം നിർമ്മിക്കുന്നത്. ഈ നിയമത്തിലൂടെ ഈടുവച്ച വസ്തുക്കൾ നേരിട്ട് പിടിച്ചെടുത്ത് വിൽക്കാൻ ബാങ്കുകൾക്ക് അധികാരം ലഭിച്ചിരിക്കുകയാണ്. ഈ നിയമം ദുരുപയോഗം ചെയ്തുകൊണ്ടാണ് കേരളത്തിലിപ്പോൾ തട്ടിപ്പ് നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ നിയമങ്ങളും പാവപ്പെട്ടവർക്ക് എതിരായി മാറുന്ന, നിരാശാജനകമായ കാഴ്ചയാണ് നമ്മൾ ഇവിടെ

കാണുന്നത്. ഇതോടൊപ്പം നാം കാണേണ്ടത് മൂന്നുസെന്റിലും അഞ്ചുസെന്റിലുമൊക്കെയായി ജീവിക്കുന്ന പട്ടികജാതിക്കാരും അങ്ങേയറ്റം പാവപ്പെട്ടവരുമായ മനുഷ്യർക്ക് അത്യാവശ്യഘട്ടങ്ങളിൽ ഒരു ബാങ്കും ലോൺ കൊടുക്കാൻ തയ്യാറാകുന്നില്ല. ബാങ്കിൽ നിന്നും ലോൺ കിട്ടാതെ പ്രയാസമനുഭവിക്കുന്ന ഇത്തരക്കാരെ ഒരു തട്ടിപ്പ് സംഘം, ഒരു വായ്പാ മാഫിയ സംഘം സമീപിച്ച് 50,000-60,000 രൂപ വായ്പയായി കൊടുക്കുകയാണ്. ഈ സംഘത്തിൽ ബാങ്ക് മാനേജർമാരും കണ്ണികളാണ്. ഇങ്ങനെ 50,000-60,000 രൂപ വായ്പയായി കൊടുത്ത് ആധാരം രജിസ്റ്റർ ചെയ്തുവാങ്ങുകയാണ്. ഇതേ ആധാരം ബാങ്കിൽ വച്ചുകൊണ്ട് 25-ഉം 50-ഉം ലക്ഷം രൂപ പ്രസ്തുത മാഫിയാ സംഘം വായ്പയായി എടുക്കുകയും ആ വായ്പ തിരിച്ചടയ്ക്കാതെ, എന്നാൽ അമ്പതിനായിരവും അറുപതിനായിരവും വായ്പ വാങ്ങിയ പട്ടികജാതിക്കാരും പാവപ്പെവരും ആ പണം കൃത്യമായി തിരിച്ചടച്ച് കഴിയുമ്പോൾ തങ്ങളുടെ വീടും ഈ മൂന്ന് സെന്റ് സ്ഥലവും അന്യാധീനപ്പെടുന്നു, ബാങ്ക് പിടിച്ചെടുത്ത് വിൽക്കുന്നുവെന്ന അതീവ ഗൗരവകരമായ സാഹചര്യം രൂപപ്പെട്ടുവരികയാണ്. തങ്ങൾ ജനിച്ചുവളർന്നുജീവിക്കുന്ന ഏക ആശ്രയമായ കിടപ്പാടം നഷ്ടപ്പെടുന്ന സ്ഥിതിയിൽ റോഡിലേക്കിറങ്ങേണ്ട അവസ്ഥയിലാണ് നിരവധി പട്ടികജാതി കുടുംബങ്ങൾ, പാവപ്പെട്ട മനുഷ്യർ.

എറണാകുളം ജില്ലയിലാണ് ഇത് പ്രധാനമായും വന്നിട്ടുള്ളത്. 17 കേസ്സുകളാണ് ഇപ്പോൾ അന്വേഷണത്തിന്റെ പരിധിയിലുള്ളത്. കടുത്ത മാനസിക സമ്മർദ്ദത്തിന്റെ സാഹചര്യത്തിൽ രണ്ടുപേർ ഇതിനോടകം ആത്മഹത്യ ചെയ്തു. സമ്മർദ്ദങ്ങളെത്തുടർന്ന് നാല് അസ്വാഭാവിക മരണങ്ങളുണ്ടായി. ആത്മഹത്യയുടെയും അസ്വാഭാവിക മരണങ്ങളുടെയും ഇടയിൽപ്പെട്ട് ഏറ്റവും ദുർബ്ബലരായ ഒരു ജനത നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഈ ഗവൺമെന്റിൽ പ്രതീക്ഷയർപ്പിച്ച് കഴിയുകയാണ്. ഇവിടെ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ രൂപീകരിക്കപ്പെട്ട സമരസമിതിയുടെ പ്രവർത്തകരെ കള്ളക്കേസ്സിൽ കുടുക്കാനാണ് ഈ വായ്പാ തട്ടിപ്പ് മാഫിയാ സംഘം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അന്വേഷണങ്ങളെല്ലാം നടക്കുമ്പോഴും ഈ തട്ടിപ്പിന് നേതൃത്വം കൊടുത്ത ബാബു എന്നയാൾ പുതിയ തട്ടിപ്പിനുവേണ്ടി ഒരു ഓഫീസ് കലൂരിൽ തുറന്ന് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മറ്റൊരു തട്ടിപ്പുകാരനായ ഇബ്രാഹിം ഈയടുത്ത സമയത്ത് ഒരു ആഡംബര കാർ വാങ്ങി അതിലാണ് ഇപ്പോൾ യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്. പട്ടികജാതിക്കാരുടെ കണ്ണുനീരിൽ, പാവപ്പെട്ട ദരിദ്രൻമാരുടെ കണ്ണുനീരിൽ ഒരു വായ്പാ മാഫിയ സംഘം നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച

കൊണ്ടിരിക്കുന്ന അന്വേഷണ സംഘം 17 കേസ്സുകളും ഒരുമിച്ച് അന്വേഷിക്കാനും അതീവ ഗൗരവത്തോടുകൂടി അന്വേഷണം ഉടൻ പൂർത്തിയാക്കാനും ഈ അന്വേഷണത്തിന്റെയെല്ലാം ഭാഗമായി ഭൂമി അന്യാധീനപ്പെട്ട, കിടപ്പാടം അന്യാധീനപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക്, പാവപ്പെട്ട ദരിദ്രർക്ക് അത് തിരികെ ലഭിക്കാനുമാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ കഴിയണം. ഈ അന്വേഷണസംഘത്തിൽ ആവശ്യമായ കഴിവുള്ള ഉദ്യോഗസ്ഥരെ നിയമിക്കണം. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കണം. കളക്ടറുടെയോ മറ്റോ നേതൃത്വത്തിൽ ഒരു സ്ക്രീനിംഗ് കമ്മിറ്റിയുണ്ടാക്കി തട്ടിപ്പിനിരയായിട്ടുള്ളവരെ സഹായിക്കാൻ, അവർക്ക് ഭൂമി തിരിച്ചുകിട്ടാൻ ആവശ്യമായ നടപടി നമ്മൾ സ്വീകരിക്കണം. നമ്മുടെ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിൽ ഒരു തട്ടിപ്പ് നടക്കാൻ പാടില്ല. ഇതിനെ അതീവ ഗൗരവത്തോടുകൂടി സർക്കാർ കാണണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u>: ഈ വിഷയത്തെ സംബന്ധിച്ച് ശ്രീ. പി. ടി. തോമസും നോട്ടീസ് നൽകിയിട്ടുണ്ട്.

<u>സർഫാസി നിയമത്തിന്റെ ദുരുപയോഗം</u>

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എം. സ്വരാജ് പറഞ്ഞത് നൂറുശതമാനം ശരിയായ ഒരു വസ്തുതയാണ്. തട്ടിപ്പിനിരയായവരിൽ മൂന്നുപേർ എന്റെ മണ്ഡലത്തിൽപ്പെട്ടവരാണ്. അഡ്വക്കേറ്റ് മാനുവലിന്റെ നേതൃത്വത്തിൽ കഴിഞ്ഞ നൂറുദിവസത്തിലേറെയായി വല്ലാർപാടത്ത് ഇവരുടെ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ പാർലമെന്റംഗമായിരുന്നപ്പോൾ സർഫാസി നിയമത്തിന്റെ പൊരുത്തക്കേട് ഒരു സ്വകാര്യ ബിൽ അവതരിപ്പിച്ചുകൊണ്ട് ചൂണ്ടിക്കാണിച്ചതാണ്. നിർഭാഗ്യവശാൽ ആ ബിൽ ഗവൺമെന്റ് അംഗീകരിച്ചില്ല. വളരെ ഗുരുതരമായ ഒരു തട്ടിപ്പാണിത്. ഇതിന് ശക്തമായ നടപടി വേണം. പാവപ്പെട്ടവരെ പറ്റിച്ച് തൃശ്ശൂർ പട്ടണത്തിൽ ഇതുപൊലൊരു തട്ടിപ്പ് നടന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാൻ അവിടെപ്പോയി അവരുമായി സംസാരിച്ചതാണ്. ഇത് വ്യാപകമായി നടക്കുന്നൊരു തട്ടിപ്പാണ്. ഇതിന് ശക്തമായ നടപടി വേണം. ഇക്കാര്യത്തിൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി നഗര പരിധിയിലെ മുളവുകാട് വില്ലേജിൽപ്പെട്ട പനമ്പുകാട് പ്രദേശത്ത് താമസിക്കുന്ന ദളിത്-ദരിദ്ര കുടുംബങ്ങളെ അവരുടെ സാമ്പത്തിക പ്രയാസങ്ങൾ മുതലെടുത്ത് വിവിധ

ബാങ്കുകളിൽ നിന്നും വസ്തു ഈട് നല്കി വായ്പ ശരിയാക്കി നൽകാമെന്ന് വിശ്വസിപ്പിച്ച് അവരുടെ പേരിലുള്ള വീടും സ്ഥലവും  കുറെയാളുകളുടെ പേരിലേയ്ക്ക് ആധാരം നടത്തി രജിസ്റ്റർ ചെയ്തു. പ്രസ്തുത ആധാരത്തിന്റെ ഈടിന്മേൽ ബാങ്കുകളിൽ നിന്ന് വൻതുക ലോൺ എടുത്തശേഷം യഥാർത്ഥ സ്ഥലം ഉടമകൾക്ക്  നിസ്സാര തുകമാത്രം നൽകി  ബാക്കിത്തുക പ്രതികൾ കൈവശപ്പെടുത്തി.  പ്രതികൾ കൈപ്പറ്റിയ ലോൺതുകയുടെ പലിശയും മുതലും ബാങ്കിൽ തിരിച്ചടയ്ക്കാൻ സാധിക്കാത്തതുകൊണ്ട് പരാതിക്കാരുടെ ഭൂമി  ബാങ്ക് സർഫാസി നിയമപ്രകാരം ജപ്തി ചെയ്യാൻ നടപടി സ്വീകരിച്ചു. ഇത്തരത്തിൽ കബളിപ്പിക്കപ്പെട്ടവർ വല്ലാർപാടം  ദ്വീപിൽ സമരം നടത്തിവരികയാണ്. ഈ വിഷയത്തിൽ ഇതിനകം 17 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 11 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി  കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. മറ്റ് കേസ്സുകളിൽ ഊർജ്ജിതാന്വേഷണം നടത്തിവരുന്നു.  ഈ കേസ്സുകളുടെ അന്വേഷണത്തിന് കൊച്ചി സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ  ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച്  10 കേസ്സുകളുടെ അന്വേഷണം നടത്തുകയും  പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കുറ്റകൃത്യത്തിൽ പങ്കാളികളായിട്ടുള്ള ബാങ്ക് മാനേജർമാരും

പ്രതികളാണ്. അന്വേഷണം പൂർത്തിയാക്കി 5 കേസ്സുകളുടെ കുറ്റപത്രം ബഹുമാനപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി 5 കേസ്സുകളുടെ അന്വേഷണം നടന്നുവരികയാണ്. സി.ബി.സി.ഐ.ഡി. ഇക്കണോമിക് ഒഫൻസസ് വിംഗ് എറണാകുളം യൂണിറ്റിൽ സർഫാസി നിയമവുമായി ബന്ധപ്പെട്ട 5 കേസ്സുകൾ അന്വേഷിച്ച് അതിന്റെ കുറ്റപത്രം കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പ ഇനത്തിൽ കോടിക്കണക്കിന് രൂപ തട്ടിയെടുത്ത ശേഷം വസ്തു ഈട് നൽകിയവർക്ക് നാമമാത്രമായ തുക നൽകി വഞ്ചിച്ചതാണെങ്കിലും ഈടുനൽകിയ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ബാദ്ധ്യത ഈടാക്കുന്നതിന് സർഫാസി നിയമം ബാങ്കുകൾക്ക് അനുമതി നൽകുന്നുണ്ട്. ഇവിടെ ഉണ്ടായിട്ടുള്ള സവിശേഷമായ സാഹചര്യം കണക്കിലെടുത്ത് ജില്ലാകളക്ടർ ബാങ്ക് പ്രതിനിധികളുൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുമായും കൂടിയാലോചിച്ച് നിരാലംബരായ ജനങ്ങൾക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിൽ അന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കൂടുതൽ നടപടികൾ ആവശ്യമുണ്ടെങ്കിൽ അത്തരം നടപടികളും സ്വീകരിക്കുന്നതായിരിക്കും.

## മൾട്ടിലെവൽ കാർ പാർക്കിംഗ്

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോയുടെ ഉദ്ഘാടനം ഉടൻതന്നെ നടക്കുമെന്നാണ് പ്രതീക്ഷ. മെട്രോ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ കേരളത്തിലെ ആദ്യത്തെ മെട്രോ ആയതിനാൽ ഇതിൽ........

ശ്രീ. ആർ. രാജേഷ്: ...(മൈക്ക് ഓഫ്)... ഉദ്ഘാടനം കഴിഞ്ഞതല്ലേ?

ശ്രീ. അൻവർ സാദത്ത്: സർ, അത് ഉദ്ഘാടനമല്ല. എല്ലാ മണ്ഡലത്തിലും നടക്കുന്നതാണെന്ന് നിങ്ങൾക്ക് അറിയില്ലേ; വെറുതെ ആവശ്യമില്ലാതെ ഓരോ കാര്യം പറയരുത്. എപ്പോഴും പ്രസംഗിക്കുമ്പോൾ പറഞ്ഞ കാര്യങ്ങൾതന്നെ എന്തിനാണ് വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്? അറിയില്ലെങ്കിൽ അറിയാവുന്നവരോട് ചോദിക്ക്.

മി. ചെയർമാൻ: ശ്രീ. അൻവർ സാദത്ത്, അങ്ങ് പറയൂ.

ശ്രീ. അൻവർ സാദത്ത്: സർ, അപ്പുറത്തിരിക്കുന്നവർ എന്തെങ്കിലും പറഞ്ഞ് പ്രസംഗം തടസ്സപ്പെടുത്തുകയാണ്. അത് ശരിയല്ല. കല്യാണ നിശ്ചയം വേറെ കല്യാണം വേറെ. അത് അറിയില്ലേ?

ശ്രീ. ഹൈബി ഈഡൻ: ....(മൈക്ക് ഓഫ്).... സർ, ഇപ്പുറത്തുനിന്ന് ആര് എഴുന്നേറ്റാലും അപ്പുറത്ത് നിന്ന് ഇങ്ങനെയുള്ള ഓരോ കാര്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. ഹൈബി ഈഡൻ.... പ്ലീസ്..... ശ്രീ. അൻവർ സാദത്ത്, അങ്ങ് ചെയറിനെ നോക്കി പറയൂ.

ശ്രീ. പി. ടി. തോമസ്: ...(മൈക്ക് ഓഫ്).... സർ, ഒരംഗം സബ്മിഷൻ അവതരിപ്പിക്കുമ്പോൾ ഇതുപോലെ ബഹളം വയ്ക്കുമ്പോൾ അത് അവതരിപ്പിക്കുന്നതിന് അങ്ങ് ആവശ്യമായ സംരക്ഷണം കൊടുക്കണം.

ശ്രീ. അൻവർ സാദത്ത്: സർ, ഇത് അവരുടെ വിഷയം പോലുമല്ല. എന്റെ മണ്ഡലത്തിലെ വിഷയമാണ്. മെട്രോ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ കേരളത്തിലെ ആദ്യത്തെ മെട്രോ ആയതിനാൽ അത് കാണുന്നതിനും അതിൽ യാത്ര ചെയ്യുന്നതിനും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഒട്ടേറെ ജനങ്ങൾ വരാൻ സാധ്യതയുണ്ട്. മെട്രോ ആരംഭിക്കുന്നത് ആലുവ ബൈപ്പാസിൽ നിന്നാണ്. സ്വാഭാവികമായും അവിടെ വരുന്ന ആളുകൾക്ക് വാഹനം പാർക്ക് ചെയ്യാനുള്ള അടിസ്ഥാന സൗകര്യമില്ല. പാർക്കിംഗിനായി മെട്രോ ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് 100-150 കാറുകൾ മാത്രമേ പാർക്ക്

ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരുപക്ഷേ, എറണാകുളത്തോ ദൂരസ്ഥലങ്ങളിലേയ്ക്കോ യാത്ര ചെയ്യുന്നവർ അവരുടെ വാഹനങ്ങൾ ഇവിടെ പാർക്ക് ചെയ്തു കഴിഞ്ഞാൽ പിന്നീട് വരുന്ന ഒരാൾക്കുപോലും പാർക്ക് ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള സ്ഥലസൗകര്യമാണ് മെട്രോയ്ക്കായി ഒരുക്കിയിട്ടുള്ളത്. അതുകൊണ്ട് ആലുവയിൽ ഒരു മൾട്ടിലെവൽ പാർക്കിംഗ് ഏറ്റവും അനിവാര്യമാണ്. സ്വാഭാവികമായും ആലുവ മുനിസിപ്പാലിറ്റിക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുള്ളതിനാൽ അവർക്ക് ഇനിഷ്യേറ്റീവെടുത്ത് ചെയ്യാൻ സാധിക്കില്ല. ആലുവ ടൗണിനോട് ചേർന്നാണ് എയർപോർട്ട് സ്ഥിതിചെയ്യുന്നത്. നിലവിൽ എയർപോർട്ട് പ്രവർത്തിക്കുകയും മെട്രോ ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആലുവ ടൗണിന്റെ വികസനവും ഏറ്റവും അനിവാര്യമാണ്. ആലുവ ടൗണിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആലുവ ഗസ്റ്റ് ഹൗസിൽ വരുമ്പോൾ അറിയാവുന്നവതാണ്. അവിടെ വളരെ കൺജസ്റ്റഡാണ്. വാഹനങ്ങൾ പോകുന്നതിനോ യാത്ര ചെയ്യുന്നതിനോ സൗകര്യമില്ല. അവിടെ യാത്രക്കുരുക്ക് വരികയാണ്. ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് ആലുവ ടൗണിലെ റോഡുകൾ വീതി കൂട്ടുവാനും ആലുവ ടൗൺ മോടിപിടിപ്പിക്കുവാനും..... മെട്രോ പ്രവർത്തനം

ആരംഭിക്കുമ്പോൾ സ്വാഭാവികമായും ധാരാളം ആളുകൾ വരുമ്പോൾ ആലുവ ടൗൺ മോശമായി കിടക്കാൻ പാടില്ല. ആലുവ ടൗൺ മോടിപിടിപ്പിക്കുകയും വാക്ക്‌വേ നിർമ്മിക്കുകയും ചെയ്ത് യാത്രക്കാർക്ക് അടിസ്ഥാന സൗകര്യം ഉണ്ടാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡി.എം.ആർ.സി.-ക്കോ കെ.എം.ആർ.എൽ.-നോ ആവശ്യമായ നിർദ്ദേശം നൽകിക്കൊണ്ട് വികസനത്തിന് സാധ്യത ഒരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

**മൾട്ടിലെവൽ കാർ പാർക്കിംഗ്**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ പ്രവേശന കവാടമെന്ന നിലയിൽ ആലുവ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ആലുവ മെട്രോ സ്റ്റേഷനിൽ 32 കാറുകൾക്കും 20 ഇരുചക്ര വാഹനങ്ങൾക്കും പാർക്ക് ചെയ്യാനുള്ള സൗകര്യം മാത്രമേയുള്ളൂ. എന്നാൽ പ്രവേശന കവാടമെന്ന നിലയിൽ ആലുവ സ്റ്റേഷൻ പരിസരത്ത് 110 സെന്റ് സ്ഥലം പാർക്കിംഗിനും വാണിജ്യ സമുച്ചയത്തിനുമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഏറ്റെടുത്തിട്ടുണ്ട്. ആലുവ ബൈപ്പാസ് ജംഗ്ഷൻ മുതൽ പുളിഞ്ചുവട് മെട്രോ

സ്റ്റേഷൻ വരെയുള്ള മെട്രോ ഇടനാഴിയിൽ കാൽനടക്കാർക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനും പാർക്കിംഗിനും സൗന്ദര്യവൽക്കരണത്തിനുമായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുമുണ്ട്.

## പ്രസംഗങ്ങളുടെ നിയന്ത്രണം

ശ്രീ. കെ. എം. ഷാജി: സർ, സമീപകാലത്തൊന്നും ഇല്ലാത്ത വിധം കേരളത്തിലെ ബഹുസ്വര സമൂഹത്തിനിടയിൽ വർഗ്ഗീയ ധ്രുവീകരണത്തിനായുള്ള പരിശ്രമങ്ങൾ വർദ്ധിക്കുകയാണ്. ഉത്തരേന്ത്യയിലും മറ്റ് കേരളേതര സംസ്ഥാനങ്ങളിലും വർഗ്ഗീയ അധികാര ആധിപത്യങ്ങൾ ഒരു തരംഗം മാത്രമാണ്. അതിലും ശക്തമായ ഒരു രാഷ്ട്രീയ തരംഗംകൊണ്ട് നമുക്ക് അതിനെ മറികടക്കാൻ കഴിയും, കഴിഞ്ഞിട്ടുമുണ്ട്. എന്നാൽ വിദ്യാസമ്പന്നമായ കേരളത്തിൽ ആഴ്ന്നിറങ്ങുന്ന വർഗ്ഗീയത ഒരു തരംഗംകൊണ്ട് മാറ്റാവുന്നതല്ലെന്ന് നാം തിരിച്ചറിയണം. സമീപകാലത്ത് മതവിദ്വേഷ പ്രസംഗങ്ങളും എഴുത്തുകളും പ്രയോഗങ്ങളും വ്യാപകമാകുകയാണ്. മുന്നിലിരുന്ന് കയ്യടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മതഭ്രാന്തന്മാരായ അനുയായികൾക്കായി മറ്റ് മതങ്ങളെ അപമാനിക്കുവാനും അപഹസിക്കുവാനും ഇക്കൂട്ടർക്ക് ഒരു മടിയുമില്ലാതാകുകയാണ്. ഓണത്തിനും പെരുന്നാളിനും

ക്രിസ്തുമസിനുമൊക്കെ മറ്റൊരു മതസ്ഥരും പുറത്തിറങ്ങരുതെന്ന തരത്തിൽ ഓരോ സമുദായങ്ങളെയും വാട്ടർ ടൈറ്റ് കംപാർട്ടുമെന്റുകളിൽ അടച്ചുപൂട്ടുകയാണ്. സമീപകാലത്ത് കേരളത്തിലും ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ പാനി പ്രത്യക്ഷപെട്ടാൽ അത്ഭുതപ്പെടാനില്ല. ആസുരമാകുന്ന ഇക്കാലത്ത് നമ്മളൊക്കെതന്നെ വലിയ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം വർഗ്ഗീയ ഫാസിസ്റ്റുകൾക്കെതിരെ നാം നടപടികൾ എടുക്കുമ്പോഴും വലിയ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. ഈ അടുത്ത് ഒരാളുടെ പരാതിയെത്തുടർന്ന് ശ്രീ. ഷംസുദ്ദീൻ പാലത്ത് എന്നയാളുടെ പ്രസംഗത്തിനെതിരെ കേസെടുക്കുകയുണ്ടായി. എന്നാൽ അതേ ആൾ തന്നെ ശ്രീമതി ശശികല ടീച്ചറുടെ പ്രസംഗങ്ങൾക്കെതിരെയും പരാതി കൊടുത്തു. അവർക്കെതിരെയും കേസെടുത്ത ഗവൺമെന്റ് നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ശ്രീ. ഷംസുദ്ദീൻ പാലത്തിനെതിരെ കേസെടുക്കുമ്പോൾ UAPA ചുമത്തുകയും എന്നാൽ അതേ കുറ്റം ചെയ്ത ശ്രീമതി ശശികല ടീച്ചർക്കെതിരെ അങ്ങനെ ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ അത് വ്യാപകമായ തോതിൽ തെറ്റായ പ്രചാരണങ്ങൾക്ക് ഇടയാക്കുകയാണ്. ഫാസിസ്റ്റ് മനോഭാവമുള്ള കേന്ദ്ര സർക്കാരിന്റെ UAPA പോലുള്ള ടൂളുകൾ നമ്മുടെ സംസ്ഥാന സർക്കാരിന്റെ

അധികാര പരിധിക്കുമേൽ കുതിരകയറാൻ വരുമ്പോൾ നാം സൂക്ഷിക്കേണ്ടതുണ്ട്. UAPA വിഷയത്തിൽ സി.പി.ഐ.(എം.) എടുത്ത സമീപനത്തിന്റേതുടെ ശക്തമായ നിലപാടെടുത്തവരാണ് ഞങ്ങളും. ഇന്ത്യയിലെ ദളിതുകൾക്കെതിരെയും ന്യൂനപക്ഷങ്ങൾക്കെതിരെയും വ്യാപകമായ വിധത്തിൽ UAPA അടക്കമുള്ള ഫാസിസ്റ്റ് ടൂളുകൾ ഉപയോഗിക്കുന്ന വിവരം അങ്ങേയ്ക്ക് അറിയാമല്ലോ; ഏത് ഗവൺമെന്റിന്റെ കാലത്തായാലും ഭരിക്കുന്നവരുടെ താൽപര്യങ്ങളെപ്പോലും മറികടക്കാൻ കഴിയുന്ന സ്വാധീനവലയമാണ് നമ്മുടെ പോലീസിലും മറ്റും ഈ തീവ്രവാദികൾക്കും ഫാസിസ്റ്റുകൾക്കുമുള്ളത്. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇവരുടെ സാമ്പത്തിക പിൻബലം തന്നെയാണ്. ഇത്തരക്കാരുടെ സാമ്പത്തിക ഉറവിടം ശക്തമായ അന്വേഷണത്തിന് വിധേയമാക്കണം. വർഗ്ഗീയ തീവ്രവാദികളോടുള്ള അങ്ങയുടെ നിലപാട് മതേതര കേരളം വലിയ പ്രതീക്ഷയോടെയാണ് പലപ്പോഴും നോക്കിക്കണ്ടിട്ടുള്ളത്. ആ വലിയ പ്രതീക്ഷകൊണ്ടുതന്നെ പറയട്ടെ, നമ്മുടെ നാടിനെ തകർക്കാൻ വരുന്ന ഇത്തരം ദുർശക്തികൾക്കെതിരെ അതിശക്തമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ്

ഞാൻ ഈ സബ്മിഷൻ വഴി ശ്രമിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ കേരളം മതസഹിഷ്ണുതയ്ക്ക് പേരുകേട്ട സംസ്ഥാനമാണ്. അതിനാൽതന്നെ മതസ്പർദ്ധ വളർത്തുന്ന രീതിയിലും സാമുദായിക ധ്രുവീകരണം ലക്ഷ്യംവച്ചുള്ള പരസ്യ പ്രസംഗങ്ങൾ നടത്തുന്നതും അവ ലഘുലേഖയിലൂടെയോ മാധ്യമങ്ങളിലൂടെയോ പരസ്യപ്പെടുത്തുന്നതും വളരെ ഗൗരവത്തോടെയാണ് കാണേണ്ടത്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസ് കാര്യക്ഷമമായി ഇടപെട്ട് തുടർന്ന് ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് പരമാവധി ശ്രമങ്ങൾ നടത്താറുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതസ്പർദ്ധ വളർത്തുന്ന രീതിയിൽ പരസ്യ പ്രസംഗം നടത്തുകയോ സോഷ്യൽ മീഡിയ വഴിയോ മാധ്യമങ്ങളിലൂടെയോ പ്രചരിപ്പിക്കുകയോ ചെയ്ത കാര്യത്തിന് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. മേൽപ്പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ തടയുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ജനമൈത്രി പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ സഹായത്തോടെ

ക്രിയാത്മകമായ നിരീക്ഷണങ്ങളും നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മതസൗഹാർദ്ദം വളർത്തുന്നതിനും ജാതി-മത-വർഗ്ഗ-ലിംഗ ഭേദമെന്യേ ചിന്തിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സമൂഹത്തിൽ പലതരത്തിലുള്ള ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ബഹുസ്വര സംസ്കാര സ്വഭാവമുള്ള സമൂഹത്തിൽ ജാതി-മത വിദ്വേഷം ഉണ്ടായാൽ അക്രമവും ബലപ്രയോഗവും കൊലപാതകവും വരെ സംഭവിക്കും. മറ്റ് മതങ്ങൾ വെറുക്കപ്പെടേണ്ടതാണെന്ന് പഠിപ്പിക്കുന്ന ആളുകളെ സമൂഹത്തിൽ നിന്ന് മാറ്റി നിർത്താൻ കേരള സമൂഹം ജാഗ്രതയോടെ കാവലിരിക്കണം. കേരളത്തിന്റെ മതസൗഹൃദ മാതൃക ഭാവി തലമുറയിലേയ്ക്ക് കൈമാറുന്ന രീതിയിലായിരിക്കണം നാം ഓരോരുത്തരും ജീവിക്കേണ്ടത്.

## റവന്യൂ അദാലത്ത്

ശ്രീ. പി. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരിമ്പുഴ 1, 2 വില്ലേജുകളിലേയും സമീപ വില്ലേജുകളായ കരിമ്പുഴ, ശ്രീകൃഷ്ണപുരം, പൂക്കോട്ടുകാവ് എന്നിവിടങ്ങളിലേയും പൊതുജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. റീസർവ്വേ നടപടികൾ പൂർത്തിയായപ്പോൾ സംഭവിച്ച പിഴവുകൾ കാരണം ധാരാളം പേർ ഭൂമി നഷ്ടപ്പെട്ട്

ഭൂരഹിതരായി മാറിയിരിക്കുന്നു. സ്വന്തമായി വീടും സ്ഥലവും കൈവശവുമുണ്ട്. എന്നാൽ വില്ലേജ് രേഖകളിൽ അവരുടെ പേരോ ഭൂമിയോ ഇല്ല. ഈ തെറ്റുകൾ വരുത്തിയത് ആരായാലും അതിന്റെ ഫലം അനുഭവിക്കുന്നത് സാധാരണക്കാരായ ആളുകളാണ്. ഭൂമിയുടെ കൈവശ രേഖകൾ ആവശ്യപ്പെട്ട് വില്ലേജ് ആഫീസുകളിൽ ചെന്നാൽ വില്ലേജ് രേഖകളിൽ പേരോ സ്ഥലമോ ഇല്ലെന്നുപറഞ്ഞ് അധികാരികൾ സർട്ടിഫിക്കറ്റ് നൽകുന്നില്ല. അതുകാരണം പെൺമക്കളുടെ വിവാഹ ആവശ്യത്തിനുപോലും ഭൂമി പണയപ്പെടുത്തി ഒരു ലോൺ പോലും എടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണ്. റീസർവ്വേ റെക്കോർഡുകളിൽ സർവ്വേ നമ്പരുകൾ ചേർക്കുന്നതിൽ അപാകത കടന്നു കൂടിയിരിക്കുന്നു. വിസ്തീർണ്ണത്തിൽ അപാകതകൾ കാണുന്നു. ചിലർക്ക് ഭൂമി തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. മിച്ചഭൂമിയായി കിട്ടിയ സ്ഥലം കാലാവധി കഴിഞ്ഞതിനുശേഷവും കൈമാറാൻ കഴിയാതെ സാധാരണക്കാരായ ആളുകൾ ബുദ്ധിമുട്ടുകയാണ്. അവരുടെ ഭൂമി ഇന്നും റവന്യൂ റെക്കോർഡുകളിൽ സർക്കാർ പുറമ്പോക്ക് എന്ന് കാണപ്പെടുന്നു. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി ഒറ്റപ്പാലം താലൂക്ക് കേന്ദ്രീകരിച്ച് റവന്യൂ ഉദ്യോഗസ്ഥർ എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ഒരു റവന്യൂ അദാലത്ത് നടത്തി ഈ പ്രശ്നം പരിഹരിക്കണം. അതിന്റെ തീയതി പ്രഖ്യാപിക്കാൻ ഞാൻ

ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകം അപേക്ഷിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഒറ്റപ്പാലം താലൂക്കിലെ കരിമ്പുഴ 1, 2, കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നീ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി സ്വീകരിക്കുന്നില്ലെന്നും ഭൂമി സംബന്ധമായ മറ്റു സർട്ടിഫിക്കറ്റുകൾ നൽകുന്നില്ല എന്നതുകൊണ്ടും പൊതുജനങ്ങൾക്ക് ധാരാളം ദുരിതങ്ങളും പ്രയാസങ്ങളും ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിലെ റീസർവ്വേയിൽ വന്ന അപാകതകൾ കൊണ്ടാണ് ഭൂനികുതി സ്വീകരിക്കുന്നതു സംബന്ധിച്ച് തടസ്സം നേരിട്ടത്. സംസ്ഥാനത്തുള്ള പല വില്ലേജുകളിലും റീസർവ്വേ പൂർത്തിയാകാത്തതിനാൽ വില്ലേജ് ഓഫീസർമാർ ഭൂനികുതി സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ഈ ബുദ്ധിമുട്ട് കണക്കിലെടുത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കാത്ത എല്ലാ വില്ലേജുകളിലും നിലവിലുള്ള മുൻ സർവ്വേ നമ്പരിൽ കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഭൂമിയുടെ അവകാശം സംബന്ധിച്ച് സംശയമുള്ള കേസുകളിൽ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലും ഭൂമി പരിശോധന നടത്തിയും ഭൂനികുതി സ്വീകരിക്കാൻ എല്ലാ വില്ലേജ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂനികുതി സ്വീകരിക്കുന്നതിനും

ഭൂമിസംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിനും ഒറ്റപ്പാലം താലൂക്കിലെ തഹസിൽദാരെയും മേൽപ്പറഞ്ഞ വില്ലേജുകളിലെ വില്ലേജ് ആഫീസർമാരെയും വിളിച്ച് ചേർത്ത് ഒരു റവന്യൂ അദാലത്ത് നടത്തുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതും പ്രസ്തുത അദാലത്തിൽ ഭൂനികുതി സ്വീകരിക്കുവാനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതുമാണ്.

**ഭൂമി സംബന്ധമായ വിഷയങ്ങൾ**

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇടുക്കി ജില്ലയിലെ വിവിധങ്ങളായ ഭൂപ്രശ്നങ്ങൾ സംബന്ധിച്ച് പരിഹാരമുണ്ടാക്കുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അർഹരായ മുഴുവൻ കൃഷിക്കാർക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. വൈദ്യുതി, ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് ഒരിക്കൽ ഭൂമി ഏറ്റെടുക്കുകയും പിന്നീട് ആ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തതിന്റെ ഭാഗമായി കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭിക്കാതിരിക്കുകയും പദ്ധതി നടക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അങ്ങനെയുള്ള ഉപേക്ഷിക്കപ്പെട്ട

പദ്ധതി പ്രദേശങ്ങളിൽ ജീവിക്കുന്ന ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി അഭ്യർത്ഥിക്കുന്നു.

മാങ്കുളം പ്രദേശത്ത് ഭൂമി പതിച്ചു നൽകിയ കൃഷിക്കാർക്ക് അവ പതിറ്റാണ്ടുകളായിട്ടും അളന്നുതിരിച്ചു കൊടുത്തിട്ടില്ല. അത് അളന്നുതിരിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പെരിഞ്ചാംകുട്ടിയിൽനിന്ന് കുടിയിറക്കപ്പെട്ട ആദിവാസികൾ അഞ്ച് വർഷക്കാലമായി ഇടുക്കി ജില്ലാ കളക്ടറേറ്റിന്റെ വാതിൽക്കൽ സത്യാഗ്രഹ സമരം അനുഷ്ഠിക്കുകയാണ്. 127-ഓളം ആളുകൾ സത്യാഗ്രഹ സമരം ആരംഭിച്ചതിൽ പതിമൂന്നോളം ആളുകൾ മരണപ്പെട്ടുപോയ സാഹചര്യമുണ്ട്. പെരിഞ്ചാംകുട്ടിയിൽനിന്ന് കുടിയിറക്കപ്പെട്ട ആളുകൾക്ക് പകരം ഭൂമി നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടുക്കി ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ് യൂക്കാലി പ്ലാന്റേഷനുമായി ബന്ധപ്പെട്ടുള്ളത്. യൂക്കാലി അടിയന്തരമായി വെട്ടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു. അതിനാവശ്യമായ അനുമതി കൃഷിക്കാർക്ക് നൽകേണ്ടതുണ്ട്. പീരുമേട് താലൂക്കിൽ ഉൾപ്പെട്ട വാഗമൺ, ഏലപ്പാറ വില്ലേജുകളിലടക്കം ഇടുക്കി ജില്ലയിലെ വിവിധ

വില്ലേജുകളിൽ തെറ്റായ സർവ്വേ നമ്പരുകളിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ കൊടുത്തിട്ടുള്ള പട്ടയങ്ങൾ തിരുത്തി നൽകുന്നതിനും ബഹുമാനപ്പെട്ട സർക്കാരിന്റെ ഇടപെടലുണ്ടാകണം. വാഗമൺ വില്ലേജുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും വാഗമൺ വില്ലേജിൽ മാത്രമല്ല തെറ്റായ സർവ്വേ നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ള വില്ലേജുകളിലൊക്കെയും അത് തിരുത്തിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. പട്ടയങ്ങളിലെ സർവ്വേ നമ്പരുകൾ തിരുത്തുന്നതിനോടൊപ്പംതന്നെ സി.എച്ച്.ആർ.-ലെ കർഷകർക്ക് കാർഡമം രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനും പത്ത്ചെയിനിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കർഷകരുടെ കൈവശമിരിക്കുന്ന പട്ടയമുള്ള ഭൂമിയിൽനിന്ന് മരം മുറിച്ചു മാറ്റുന്നതിന് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് ഗുരുതരമായ ഇടപെടലുകളും പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ആ വിഷയത്തിൽ അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പീരുമേടിൽ ഭൂമി പതിവ് ആഫീസറില്ല. ചാർജ്ജ് ആഫീസറാണുള്ളത്. ഭൂമിപതിവുമായി ബന്ധപ്പെട്ട് ഒരു തഹസിൽദാരെ നിയമിക്കണം. എൽ.എ. പട്ടയ നടപടികൾ പുരോഗമിക്കുന്ന ഈ സാഹചര്യത്തിൽ ആവശ്യമായ

സർവ്വേയർമാരെയും ടോട്ടൽ സ്റ്റേഷൻ അടക്കമുള്ള എക്യുപ്മെന്റ്സും കൊടുത്തുകൊണ്ട് പട്ടയ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽകൂടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 1993-ലെ വനഭൂമി ക്രമീകരണ നിയമപ്രകാരം അർഹതയുള്ള മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനായി ഇടുക്കി ജില്ലയിൽ 6 പ്രത്യേക ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ ആഫീസുകൾ പ്രവർത്തിച്ചു വരുന്നതും 2017 മാർച്ച് മാസത്തോടെ പരമാവധി പട്ടയങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ പെരുഞ്ചാംകുട്ടി മേഖലയിൽ നടപടികൾ പൂർത്തിയായി തയ്യാറാക്കിയ കേസുകളിൽ പട്ടയം നൽകി വരുന്നു. പത്ത്ചെയിൻ പ്രദേശങ്ങളിലെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ലോവർ ചെയിനുകൾ ഒഴിവാക്കി പട്ടയം നൽകാവുന്നതാണെന്ന് കെ.സ്.ഇ.ബി. തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ അയ്യപ്പൻകോവിൽ മേഖലയിൽ

കെ.എസ്.ഇ.ബി. പദ്ധതി ആവശ്യത്തിലേയ്ക്കായി അക്വയർ ചെയ്ത് ഏറ്റെടുത്ത ഭൂമിയുണ്ട്. ഇത്തരം കേസുകളിൽ കെ.എസ്.ഇ.ബി.ക്ക് നഷ്ടപരിഹാരം നൽകേണ്ടതായ സാഹചര്യമുണ്ട്. കൂടാതെ ടി മേഖലയിൽപ്പെട്ട പ്രദേശം വനഭൂമി പരിധിയിൽ വരുന്നതാണെന്നും ആകയാൽ സംയുക്ത പരിശോധന നടത്തി മാത്രമേ പ്രദേശങ്ങളിൽ പട്ടയം നൽകാവൂ എന്നും വനം വകുപ്പ് രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. മാങ്കുളത്ത് ഭൂമി പതിച്ചു നൽകിയവർക്ക് സ്ഥലം അളന്നു തിരിച്ചു നൽകുന്നതിലേയ്ക്കായി ഫോറസ്റ്റ് സെറ്റിൽമെന്റ് ആഫീസറുടെ നേതൃത്വത്തിൽ സർവ്വേ ജോലികൾ പുരോഗമിച്ചു വരികയാണ്. പെരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി നൽകുന്നതിലേയ്ക്കായി കുഞ്ചിത്തണ്ണി വില്ലേജിൽ കെ.എസ്.ഇ.ബി. അധീനതയിലുള്ള 25 ഏക്കർ സ്ഥലം അളന്നു തിരിക്കുന്നതിന് സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. ഈ സ്ഥലം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ലീസിന് നൽകി. ടി സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽ അവശേഷിക്കുന്ന സർക്കാർ പുറമ്പോക്കുകൾ സംബന്ധിച്ച് വിവരം നൽകുന്നതിന് എല്ലാ തഹസിൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ഇടുക്കി ജില്ലയിലെ യൂക്കാലി പ്ലാന്റേഷൻ നിരോധിക്കുന്ന കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമുള്ളതായി കാണുന്നു. വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹന ആക്ട്, 2005 പ്രകാരം നോട്ടിഫൈഡ് വില്ലേജുകളിലെ ഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നത് പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.797/2006, 14.11.2006 പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കുകളിൽ ഉൾപ്പെട്ടുവരുന്ന കുറിഞ്ഞിമല സങ്കേതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ ഉൾപ്പെടെ കെ.ഡി.എച്ച്., കാന്തല്ലൂർ, മാങ്കുളം, മൂന്നാംകണ്ടം, മറയൂർ, പള്ളിവാസൽ എന്നീ വില്ലേജുകളും തൊടുപുഴ താലൂക്കിലെ അറക്കുളം, ഇടുക്കി താലൂക്കിലെ ഇടുക്കി എന്നീ വില്ലേജുകളും നോട്ടിഫൈഡ് ആണ്. ആയതിനാൽ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ടി വില്ലേജിലെ മരങ്ങൾ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യത്തിലൊഴികെ യാതൊരു കാരണവശാലും മുറിക്കാൻ പാടില്ലാത്തതാണ്. ഈ നിയമപ്രകാരം മറ്റു വില്ലേജുകളിൽ അനുവദിക്കപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് നിയമതടസ്സമില്ലാത്തതാണ്. ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മുടങ്ങിക്കിടക്കുന്ന പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിനും നേരത്തെ തന്നെ നൽകിയിട്ടുള്ള പട്ടയങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി പീരുമേട്

താലൂക്ക് ആഫീസിനോടു ചേർന്ന് ഒരു പ്രത്യേക ഭൂമി പതിവ് ആഫീസ് ആരംഭിക്കുകയുണ്ടായി. ദേവികുളം ഭൂമി പതിവ് ആഫീസിലെ സ്പെഷ്യൽ തഹസിൽദാർക്ക് പൂർണ്ണ ചുമതല നൽകി പീരുമേട് സ്പെഷ്യൽ തഹസിദാർ ആഫീസിലേയ്ക്ക് നിയമിക്കുകയും അദ്ദേഹം ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

## പുറമ്പോക്ക് ഭൂമി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ സഭയിൽ ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു. വർഷങ്ങളായി വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അധീനതയിലുള്ളതും എന്നാൽ പട്ടയം നൽകാത്തതുമായ എത്ര ഭൂമി കാസർഗോഡ് ജില്ലയിൽ ഉണ്ട് എന്നതായിരുന്നു എന്റെ ചോദ്യം. അതിന് എനിക്ക് ലഭിച്ച ഉത്തരം, കാസർഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലുമായി വർഷങ്ങളായി വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അധീനതയിലുള്ളതും പട്ടയം നൽകാത്തതുമായ 333.8 ഏക്കർ ഭൂമി ഉണ്ട് എന്നതാണ്. ഇത് ഒരു ജില്ലയുടെ മാത്രം കാര്യമാണ്. ഒരു ജില്ലയിൽമാത്രം 333.8 ഏക്കർ ഭൂമി ഇങ്ങനെ വർഷങ്ങളായി വ്യക്തികളുടേയും സംഘടനകളുടേയും

സ്ഥാപനങ്ങളുടെയൊക്കെ അധീനതയിൽ ഉണ്ടെങ്കിൽ ബാക്കി 13 ജില്ലകളിൽ ഇതുപോലെയുള്ള ഭൂമികൾ എത്രമാത്രം ഉണ്ടാകുമെന്നതിനെ കുറിച്ച് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇത് ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ബോധപൂർവ്വം കൈയടക്കിയതല്ല. പഴയ കാലത്ത് ഭൂമിയുടെ കൈമാറ്റം എങ്ങനെയായിരുന്നു നടന്നു വന്നിരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. വലിയ ഒരു മുതലാളി അദ്ദേഹത്തിന്റെ ഭൂമിയിൽനിന്ന് ഒരു നൂറ് ഏക്കർ സ്ഥലം കൊടുക്കും. അതിന്റെ പ്രമാണവും എഴുതി കൊടുക്കും. ബാക്കി നൂറ് ഏക്കർകൂടി അതിന്റെ കൂടെ നിങ്ങളെടുത്തോ എന്നു പറഞ്ഞും കൊടുക്കും. അങ്ങനെയാണ് പലരുടേയും കൈവശം ഇങ്ങനെയുള്ള ഭൂമി ഉണ്ടായിട്ടുള്ളത്. പള്ളി, അമ്പലം, ചർച്ച് കമ്മിറ്റികൾക്കൊക്കെ ഇങ്ങനെയുള്ള ഭൂമി ധാരാളമുണ്ട്. ഈ ഭൂമിയൊന്നും ഇനി സർക്കാർ വിചാരിച്ചാൽ തിരിച്ചു പിടിക്കാനൊന്നും സാധിക്കുകയില്ല എന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഈ ഭൂമി ആരുടെ കൈവശമാണോ ഉള്ളത് അത് അവർക്കുതന്നെ നൽകാനുള്ള നടപടി സ്വീകരിച്ചുകൂടേ എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് സർക്കാരിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും ചോദിക്കുവാനുള്ളത്.

അതുപോലെതന്നെ ചില ആളുകൾക്ക് അവരുടെ കൈവശമുള്ള,

അധീനതയിലുള്ള ഭൂമി വർഷങ്ങൾക്ക് മുമ്പ് മാർക്കറ്റ് വിലയ്ക്ക് നൽകിയിരുന്നു. പക്ഷേ ചില ആളുകൾക്ക് ആ വില അന്ന് നൽകാൻ പറ്റാത്തതുകൊണ്ട് ആ ഭൂമി വാങ്ങാൻ സാധിച്ചില്ല. ഇപ്പോൾ അവർ ആ മാർക്കറ്റ് വില നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടുവരുന്നുണ്ട്. മാർക്കറ്റ് വില നൽകുകയാണെങ്കിൽ അത്തരം ആളുകൾക്ക് ആ ഭൂമി കൊടുത്തുകൂടേ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുവാനുള്ളത്. അതുപോലെതന്നെ ഇത് ഏറ്റവും ഗൗരവമേറിയ കാര്യമാണ്. സർക്കാരിന് തീർച്ചയായും ഇതുകൊണ്ട് ഒരു കാര്യവുമില്ല. ഇപ്പോൾ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയുമൊക്കെ അധീനതയിലുള്ള ഭൂമി നമുക്കൊരിക്കലും തിരിച്ചു പിടിക്കാൻ സാധിക്കുകയില്ല. ചില ഭൂമിയിൽ ഗ്രേവ് യാർഡുപോലും ഉണ്ട്. അത് തിരിച്ചുപിടിക്കുക എന്നുള്ളത് വളരെ ദുഷ്കരമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സർക്കാർ ഉചിതമായ ഒരു നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ നിലവിലെ നിയമമനുസരിച്ച് ചില പ്രദേശങ്ങളിലെ ഇത്തരം ഭൂമികൾ പതിച്ചുകൊടുക്കാൻ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ അതല്ലാത്ത ചില പ്രത്യേകമായ റവന്യൂ

പുറമ്പോക്ക് എന്ന രീതിയിൽ നിലനിൽക്കുന്നതും പതിച്ചുകൊടുക്കാവുന്നതുമായ പ്രദേശങ്ങൾ ഉണ്ടെങ്കിൽ അത് പരിഗണിക്കാവുന്നതാണ്. പൊതുവിൽ 1957-ലെ കേരള ഭൂ സംരക്ഷണ നിയമത്തിലെ വകുപ്പ് 4 പ്രകാരം പുറമ്പോക്കായി നിർവ്വചിച്ചിട്ടുള്ള എല്ലാ പൊതുനിരത്തുകളും തെരുവുകളും ഇടവഴികളും ഊടു വഴികളും പാലങ്ങളും ചാലുകളും ചിറകളും അവയുടെ മുകളിലുള്ളതോ അരികെയുള്ളതോ ആയ പുഴകളുടെ തടങ്ങളും കരകളും ജലസേചന ചാലുകളും നീരോട്ട ചാലുകളും കുളങ്ങളും തടാകങ്ങളും കായലുകളും നീർച്ചാലുകളും വിപണികളും ശവസംസ്കാര സ്ഥലങ്ങളും ഇറങ്ങുന്നതിനുള്ള മലമ്പാതകളും ഉൾപ്പെടെ പുറംമ്പോക്കു ഭൂമികൾ 1960-ലെ കേരള ഭൂ പതിവ് നിയമം, 1964-ലേയും 1995 ലെയും കേരളാ ഭൂ പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം പതിച്ച നൽകാൻ വ്യവസ്ഥയില്ലാത്തതാണ്. കേരളാ ഭൂ സംരക്ഷണ നിയമം 1957-ലെ വകുപ്പ് 5 പ്രകാരം സർക്കാർ ഭൂമി പുറമ്പോക്കായാലും അല്ലെങ്കിലും അനുവാദമില്ലാതെ കൈവശം വയ്ക്കുന്നത് നിയമവിധേയവുമല്ല. അപ്രകാരം സർക്കാർ ഭൂമി കൈയേറുന്നവർക്കെതിരെ 2009-ലെ 29-ാം നിയമഭേദഗതി പ്രകാരം ശിക്ഷാനടപടി സ്വീകരിക്കാവുന്നതുമാണ്. എന്നാൽ പതിവിന് വിധേയമായിട്ടുള്ള

ഭൂമികൾ, അതാണ് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച ചില ഭൂമികളെ സംബന്ധിച്ചിടത്തോളം കേരള ഭൂമി പതിവ് നിയമത്തിന്റേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ അർഹരായിട്ടുള്ളവർക്ക് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതുമാണ്. ആ കാര്യത്തിൽ നമുക്ക് ആലോചിക്കാം.

അഗ്രോ പാർക്ക് അനുവദിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിക്കാരെ സഹായിക്കാൻ ഒരു അഗ്രോ പാർക്ക് അനുവദിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ജില്ലയിൽ പാരമ്പര്യമായി ഉപജീവന മാർഗ്ഗമായി കവുങ്ങ് കൃഷി ചെയ്യുന്ന നാൽപതിനായിരത്തോളം ആളുകളുണ്ട്. 18733 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന എന്നാണ് സർക്കാരിന്റെ കണക്ക്. ഒരു ഹെക്ടറിൽ 2.7 ടൺ ഉല്പാദിപ്പിക്കുന്നു. അങ്ങനെ വർഷത്തിൽ 51400 ടൺ ഉൽപ്പാദനം അടയ്ക്കാ കൃഷിയിൽ ഉണ്ടാകുന്നു എന്നാണ് സർക്കാരിന്റെ തന്നെ കണക്ക്. ഒരു കിലോ അടയ്ക്കക്ക് ഇന്നു കിട്ടുന്ന വില 250 രൂപയാണ്, ഒരു ക്വിന്റലിന് 2500 രൂപ. അങ്ങനെ കണക്കുകൂട്ടിയാൽ 51400 ടൺ അടയ്ക്കക്ക് എത്ര രൂപ

കിട്ടുമെന്ന് നമുക്ക് ഊഹിക്കാൻ കഴിയും. കാസർഗോഡ് ജില്ലയിലെ കാർഷിക മേഖലയെ സഹായിക്കുന്ന ഒന്നാണ് അടയ്ക്കാ കൃഷി. പക്ഷേ ആ കൃഷിയെ പ്രോൽസാഹിപ്പിക്കാനും കൃഷിക്കാരെ സഹായിക്കാനും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഒരു സഹായവും ഇല്ല എന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. ഇതിനുമുമ്പ് 1970-71 കാലഘട്ടത്തിൽ അന്നത്തെ ഗവൺമെന്റ്, കേരളത്തിൽ തൃശ്ശൂരിൽനിന്നും വടക്കോട്ട് എല്ലാ ജില്ലയിലും അടയ്ക്കാ കൃഷി ഉണ്ട്. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ കൂടുതൽ ഉണ്ടെന്നേയുള്ളൂ. ഈ കൃഷിക്കാരെ സഹായിക്കുന്നതിന് വേണ്ടി അവർക്ക് വില കിട്ടാത്തതിന്റെ ഫലമായി അടയ്ക്കാ കൃഷിക്കാരെ ദ്രോഹിക്കുന്ന മുതലാളിമാരിൽ നിന്നും കൃഷിക്കാരെ സഹായിച്ച് കൊണ്ടുവരാൻ ഒരു നല്ല നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് മംഗലാപുരം ആസ്ഥാനമായി കേരളവും കർണ്ണാടകവും കൂടി കാംപ്കോ എന്ന ഒരു സ്ഥാപനം രൂപീകരിച്ചത്. ആ സ്ഥാപനം വളർന്നു വളർന്ന് ഇന്ന് ലോകോത്തര നിലവാരത്തിലെത്തി. കാർഷിക മേഖലയിൽ വലിയ സഹായമാണ് അടയ്ക്കാ കൃഷിക്കാർക്ക് ഉണ്ടായിരുന്നത്. പക്ഷേ കർണ്ണാടക ഗവൺമെന്റ് കരുതിക്കൂട്ടി കേരളത്തെ ഒഴിവാക്കുകയും ഇന്ന് അത് കർണ്ണാടകത്തിന്

സ്വന്തമാകുകയും ചെയ്തു എന്നതാണ് വസ്തുത. അതിൽ നമ്മുടെ ഷെയറും ഡിപ്പോസിറ്റും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരെയെല്ലാം മടക്കി അയച്ച് ആ ഷെയർ സംഖ്യയും ഡെപ്പോസിറ്റും കർണ്ണാടകം സ്വന്തമാക്കി. കേരളത്തിന് ഇടപെടാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അത് തിരിച്ച് പിടിക്കുന്നതോടൊപ്പംതന്നെ അടയ്ക്കാ കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു അടയ്ക്കാ സൊസൈറ്റി, മംഗലാപുരത്തുള്ളതുപോലെ കാംപ്കോ സ്ഥാപനം കാസർഗോഡ് സ്ഥാപിക്കണം. അതിന് ഗവൺമെന്റ് എല്ലാവിധ സഹായവും സഹകരണവും നൽകി വിജയിപ്പിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം കഴിഞ്ഞ ബഡ്ജറ്റിൽ എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും അഗ്രോ പാർക്ക് സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് പ്രഖ്യാപിച്ചു. പക്ഷേ കാസർഗോഡ് ജില്ലയ്ക്ക് ഒന്നുമില്ലെന്നു മാത്രമല്ല ഈ അടയ്ക്കാ കൃഷിയേയും ഗവൺമെന്റ് കണക്കിലെടുത്തില്ല എന്ന പരാതിയാണ് എനിക്കുള്ളത്. അതുകൊണ്ട് കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ഒരു അഗ്രോ പാർക്ക് അനുവദിച്ച് കൃഷിക്കാരെ സഹായിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കണ്ണൂർ, കാസർഗോഡ്

ജില്ലകളിൽ വ്യാപകമായി കൃഷി ചെയ്യുന്നതാണ് അടയ്ക്കാ കൃഷി. ആ കൃഷി നേരിടുന്ന പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളാണ്, ഒന്ന് മഹാളി രോഗം പിടിച്ച് അടയ്ക്കാ മുഴുവൻ നശിക്കുന്നു. മറ്റൊന്ന് മഞ്ഞളിപ്പ് രോഗം ബാധിച്ച് അടയ്ക്കാ മരം തന്നെ നശിച്ചുപോകുന്നു. ഇതിനു രണ്ടിനും പ്രതിവിധി കണ്ടുപിടിക്കുന്നതിനുവേണ്ടി അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് പലതരത്തിലുള്ള നടപടികളും സ്വീകരിച്ചുവെങ്കിലും അതൊന്നും ഫലപ്രദമാകുന്നില്ല എന്നതാണ് പ്രധാനപ്പെട്ട വസ്തുത. ആ കാര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഈ ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് 10 കോടി രൂപ കാസർഗോഡിലെ അടയ്ക്കാ കൃഷിക്കാർക്ക് കൊടുക്കാൻ ബഡ്ജറ്റിൽ വകയിരുത്തി പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇന്നുവരെ ഒരു രൂപപോലും അതിന് കൊടുത്തില്ല. ശ്രീ. മുല്ലക്കര രത്നാകരൻ പ്രഖ്യാപിച്ചു, ആ ഗവൺമെന്റ് പോയി, രണ്ടാമത് ഒരു ഗവൺമെന്റ് വന്നു, ഇന്നുവരെ ഒരു രൂപ പോലും അടയ്ക്കാ കൃഷിക്കാർക്ക് കൊടുത്തില്ല. അത് കാസർഗോഡുകാരോട്

കാണിക്കുന്ന ഒരു അവഗണനയാണ്. എന്തുവന്നാലും ഈ അവഗണന അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണം, ഈ ഗവൺമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കണമെന്നാണ് എനിക്ക് ഈ പ്രമേയത്തിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, കാസർഗോഡ് ജില്ലയോട് ഒരു രീതിയിലുമുള്ള അവഗണനയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുകയില്ല. കാർഷികമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ അദ്ദേഹം ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അടയ്ക്കാ കൃഷി ഏറ്റവുമധികം ഉള്ളത് തൃശ്ശൂർ നിന്നും വടക്കോട്ടാണ്. ഇന്ന് അടയ്ക്കാ കൃഷി വ്യാപകമായി നിലനിൽക്കുന്ന ഒരു ജില്ലയും കാസർഗോഡ് ആണ്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ സംസ്ഥാന ഗവൺമെന്റും കർണ്ണാടക ഗവൺമെന്റും ഒരുമിച്ച് ഉണ്ടാക്കിയ കാംപ്കോ എന്ന സ്ഥാപനം കർണ്ണാടക ഗവൺമെന്റിന്റെ പൂർണ്ണമായ അധികാരത്തിലായിപ്പോയി എന്നു പറയുന്നത് ശരിയല്ല. അദ്ദേഹം പറയുന്ന രീതിയിൽ കേരളത്തിന്റേതായിട്ടുള്ള ചില കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ

ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. അതോടൊപ്പം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 96686 ഹെക്ടർ സ്ഥലത്ത് അടയ്ക്കാ കൃഷി നിലവിലുണ്ട്. 125926 ടണ്ണാണ് കേരളത്തിലെ അടയ്ക്കാ ഉൽപ്പാദനം. സംസ്ഥാനത്ത് ഏറ്റവുമധികം അടയ്ക്ക കൃഷിയുള്ള ജില്ല കാസർഗോഡാണ്. ഇവിടെ 18733 ഹെക്ടറിൽ നിന്നും 51406 ടൺ അടയ്ക്ക ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഹെക്ടറിന് 2744 കിലോഗ്രാമാണ് ഈ ജില്ലയിലെ അടയ്ക്കയുടെ ഉൽപ്പാദനക്ഷമത. കാസർഗോഡ് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന അടയ്ക്ക കേരള, കർണ്ണാടക സംസ്ഥാനങ്ങളുടെ പിന്തുണയോടെ ആരംഭിച്ച കാംപ്കോയാണ് സംഭരിച്ച് വിപണനം നടത്തുന്നത്. കർണ്ണാടക സംസ്ഥാനത്തിലെ മംഗലാപുരത്താണ് ഇതിന്റെ ആസ്ഥാനം. ഈ സ്ഥാപനത്തിന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി വിപുലമായ വിപണന ശൃംഖലയാണുള്ളത്. കാസർഗോഡ് ജില്ലയിലെ ഭൂരിപക്ഷം അടയ്ക്കാ കർഷകരും കാംപ്കോയിലെ അംഗങ്ങളാണ്. പുരാതന കാലം മുതൽ കേരളത്തിൽ വെറ്റിലയോടൊപ്പം മുറുക്കാനായി ഉപയോഗിച്ചുവരുന്ന ഒരു ഉത്തേജക വസ്തുവായാണ്

അടയ്ക്ക ഉപയോഗിക്കുന്നത്. ഇത് പാൻ, സുപാരി, ഗുഡ്ക എന്നീ രൂപങ്ങളിൽ മാർക്കെറ്റിലെത്തുന്നുണ്ട്. ഈ ഉൽപ്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമാകയാൽ ഇപ്പോൾ കേരളത്തിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. വസ്തുങ്ങൾക്ക് നിറം കൊടുക്കാനും തുകൽ വ്യവസായത്തിനും അടയ്ക്കയിൽ നിന്നുള്ള ടാനിൻ എന്ന രാസവസ്തു പ്രയോജനപ്പെടുത്തുന്നുണ്ട്. കമുകിൻ പാളയിൽ നിന്നും പാത്രങ്ങൾ, കപ്പ്, തൊപ്പി എന്നിവ നിർമ്മിക്കുന്നു. സ്ഥിരമായ അടയ്ക്കയുടെ ഉപയോഗം ആരോഗ്യത്തിന് ഹാനികരമാണെന്ന അഭ്യൂഹം നിലനിൽക്കുന്നുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മൂല്യ വർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള ചെറുകിട, ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. നാളികേരം, നെല്ല്, വാഴപ്പഴം, തേൻ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, പച്ചക്കറികൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവുമാണ് അഗ്രോപാർക്കുവഴി ലക്ഷ്യമിടുന്നത്. കമുകിൻപാള ഉൽപ്പന്നങ്ങൾ, പാൻ ഉൽപ്പന്നങ്ങൾ, ഡൈ മുതലായവയാണ് അടയ്ക്കാ കൃഷിയിൽ നിന്നും സാധ്യമായ

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ. ഇതിൽ പാൻ ഉൽപ്പന്നങ്ങൾ കേരളത്തിൽ നിരോധിച്ചതും ആരോഗ്യത്തിന് ഹാനികരവുമാണ്. മൂലധന ചെലവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണന സാധ്യത എന്നിവ കണക്കാക്കുമ്പോൾ അടയ്ക്കക്ക് മാത്രമായി ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്നത് വിജയകരമായിരിക്കുകയില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. എങ്കിൽപ്പോലും അടയ്ക്കയുമായി ബന്ധപ്പെട്ട് ഇദ്ദേഹം ഉന്നയിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മുൻമന്ത്രി ശ്രീ. മുല്ലക്കര രത്നാകരന്റെ കാലത്ത് 10 കോടി രൂപ അനുവദിക്കപ്പെടുകയും പിന്നീട് ആ മേഖലയിലേക്ക് പണമൊന്നും ലഭിച്ചിട്ടില്ല എന്ന അദ്ദേഹത്തിന്റെ പരാതിയും പരിശോധിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## കെ.എസ്.ടി.പി. റോഡ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, കെ.എസ്.ടി.പി. മൂവാറ്റുപുഴ-ഏറ്റുമാനൂർ റോഡിൽ കൂത്താട്ടുകുളം ടൗണിന്റെ വികസനവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. കഴിഞ്ഞ സമ്മേളനത്തിലും ഈയൊരു

വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അന്ന് നിർമ്മാണ പ്രവർത്തനം ഇഴഞ്ഞുനീങ്ങുന്നുവെന്നതായിരുന്നു വിഷയം. അന്ന് അങ്ങ് നൽകിയ മറുപടിയിൽ ഡിസംബർ മാസത്തിനുള്ളിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ നീങ്ങുന്നുണ്ട്. പക്ഷേ അശാസ്ത്രീയമായ രീതിയിൽ ഓടയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്നതാണ് ഇപ്പോൾ അവിടെ ഉണ്ടായിട്ടുള്ള വിഷയം. ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നിരിക്കുന്നത് ടൗണിന്റെ വടക്കുഭാഗത്തുള്ള മേരിഗിരി പബ്ലിക് സ്കൂൾ മുതൽ ചന്തത്തോട് വരെയുള്ള പ്രദേശത്ത് വിവിധ കലുങ്കുകളെ ഒഴിവാക്കി ഓടയുടെ നിർമ്മാണം മുന്നോട്ട് പോകുമ്പോൾ അഞ്ചുമുതൽ എട്ടടിവരെ റോഡ് ഉയരുന്നുവെന്നതാണ്. ഇതേ പ്രശ്നംതന്നെയാണ് ഓണംകുന്ന് ഭഗവതിക്ഷേത്രം മുതൽ ടി.ബി. ജംഗ്ഷൻ വരെയുള്ള തെക്ക് ഭാഗത്തും ഉണ്ടായിട്ടുള്ളത്. അവിടെയും ഓട വളരെയധികം ഉയർന്നുവരുന്നു. 2010-ലെ അലൈൻമെന്റ് പ്രകാരം നിലവിലുള്ള കയറ്റം കുറച്ച് താഴ്ന്ന് നിൽക്കുന്ന നിലയിലായിരിക്കുമെന്നാണ് അന്ന് ഉദ്യോഗസ്ഥർ പറഞ്ഞിരുന്നത്. അതനുസരിച്ച് അവിടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ രീതിയിൽ ഓട നിർമ്മിച്ച് കഴിഞ്ഞപ്പോൾ കൂത്താട്ടുകുളം ടൗണിന്റെ വടക്ക് ഭാഗത്തായി കയറ്റം കുറയുകയല്ല, കൂടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. അതായത് രാമപുരം കവല, ഓണംകുന്ന് ഭഗവതിക്ഷേത്രം തുടങ്ങിയ പ്രദേശങ്ങളാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇത് വളരെയേറെ ഉയർന്നു വന്നതിനാൽ മഴവെള്ളം വന്നാൽപ്പോലും കടകളിലേയ്ക്ക് കയറുന്ന സാഹചര്യമുണ്ടാകുന്നു. ഇത് വളരെയേറെ ആശങ്ക ആ പ്രദേശത്തുണ്ടാക്കുന്നുണ്ട്. ഇവിടെ അശാസ്ത്രീയമായ രീതിയിൽ ഓടയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുവെന്ന പരാതി നിലനിൽക്കുന്നുണ്ട്. അങ്ങയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്നും ഓടയുടെ ഉയരം ഉയർന്നുവരുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ, കൂത്താട്ടുകുളം ടൗണിന്റെ വടക്കുമുതൽ തെക്കുവരെയുള്ള എല്ലാ ഭാഗത്തും ഇതേ സ്ഥിതിയാണുള്ളത്. അതിൽ അങ്ങയുടെ ശ്രദ്ധയുണ്ടായി ഇതിനൊരു പരിഹാരമുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

ഏറ്റുമാന്നൂർ-മൂവാറ്റുപുഴ റോഡ് വികസനത്തിന്റെ ഭാഗമായി കുത്താട്ടുകുളം ജംഗ്ഷന്റെ വികസന പ്രവർത്തനങ്ങൾ കെ.എസ്.ടി.പി. പദ്ധതിയിലാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മേരിഗിരി പബ്ലിക് സ്കൂൾ മുതൽ ചന്തത്തോടുവരെയുള്ള റോഡ് ഭാഗത്താണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ അവിടെ മൂന്ന് കലുങ്കുകൾ നിലവിലുള്ളതായി കാണുന്നില്ല. കോൺക്രീറ്റ് ഓട നിർമ്മാണമാണ് അവിടെ നടക്കുന്നത്. ഭൂമിശാസ്ത്രപരമായി വളരെ താഴ്ചയിലാണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. മഴ വന്നുകഴിഞ്ഞാൽ ജംഗ്ഷൻ മുഴുവൻ വെള്ളപ്പൊക്കമാണ്. അപ്പോൾ റോഡ് ഉയർത്തിയാലെ മതിയാകൂ. കെ.എസ്.ടി.പി. പ്രോജക്ടാണിത്. ഒരു മീറ്ററിന് താഴെയാണ് ഉയർത്തുന്നത്. അതിന്റെ ജോലി ആരംഭിച്ചിട്ടില്ല. ഉയർത്തിപ്പണിതില്ലെങ്കിൽ റോഡ് വികസിപ്പിച്ചതിനുശേഷവും വെള്ളപ്പൊക്കം പഴയതുപോലെ ഉണ്ടാകും. കച്ചവട സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം കണക്കിലെടുത്ത് കൂടുതൽ ആഘാതമുണ്ടാക്കാത്ത തരത്തിലാണ് നിർമ്മാണം നടത്തുവാൻ പറഞ്ഞിട്ടുള്ളത്. തോടിനും വീതികൂട്ടേണ്ടതായിട്ടുണ്ട്. കച്ചവട സ്ഥാപനങ്ങളിലേയ്ക്കുള്ള പടികൾ പദ്ധതി

ചെലവിന്റെ തുകയുടെ ലഭ്യത അനുസരിച്ച് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നുകൂടി പരിശോധിച്ച് പരമാവധി ബുദ്ധിമുട്ട് കുറച്ച് ചെയ്യാൻ ഉദ്ദേശിക്കുകയാണ്. ഏത് പുതിയ വൻകിട പദ്ധതികൾ വന്നാലും ചെറിയ പ്രയാസങ്ങളുണ്ടാകും. അതുമാത്രം നിർത്തി മറ്റ് ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

## പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ചെങ്ങന്നൂർ മണ്ഡലത്തിൽപ്പെട്ട പാണ്ടനാട് പഞ്ചായത്തിന്റെ ഇരുകരകളേയും ബന്ധിപ്പിക്കുന്ന ഒരു പാലമാണ് മിത്രമഠം പാലം. പത്തുവർഷമായി അതിന്റെ പണി തുടങ്ങിയിട്ടും നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനെതിരെ ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധങ്ങളും രോഷവും ഉയരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആദ്യമായി സൂചിപ്പിക്കാനുള്ളത്. അതുപോലെ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വഴിവാടിക്കടവ് പാലത്തിന്

ബഡ്ജറ്റിൽ ഒരു രൂപപോലും വയ്ക്കാതെ അതിന് അഡ്മിനിസ്ട്രേഷൻ സാംഗ്ഷൻ നൽകി വലിയ പ്രചരണം നടത്തി. പക്ഷേ ആ പാലത്തിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെയാണ് മാവേലിക്കര താലൂക്കിനേയും ചെന്നിത്തല പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന നെൽപ്പുരക്കടവ് പാലത്തിന്റെ കാര്യവും. ചെങ്ങന്നൂർ ടൗണിനെ ബൈപ്പാസുമായി ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട പാലമാണ് കൈപ്പാലക്കടവ് പാലം. ഈ പാലത്തിനെല്ലാം കോടിക്കണക്കിന് രൂപ അനുവദിച്ചുവെന്ന് പ്രഖ്യാപിച്ചെങ്കിലും ഒരു പൈസപോലും ബഡ്ജറ്റിൽ വയ്ക്കാത്തതിന്റെ ഭാഗമായി ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധമുയർന്നുവന്നു. പാലത്തിന്റെ പണി എന്തുകൊണ്ട് ആരംഭിക്കാൻ കഴിയുന്നില്ല? ഏതായാലും ചില നടപടികളുമായി മുന്നോട്ടുപോയെന്നല്ലാതെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടന്നിട്ടില്ല. ആ പാലത്തിന്റെ പണികൾ പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ള പന്തളം പാലത്തിന്റെ നിർമ്മാണം തീർത്ഥാടനത്തിന് മുമ്പ് പൂർത്തിയാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ

വിളിച്ചുചേർത്ത യോഗത്തിൽ ഉറപ്പ് ലഭിച്ചത്. പക്ഷേ തീർത്ഥാടന കാലം നവംബർ 14-ാം തീയതിയോടുകൂടി ആരംഭിക്കുകയാണ്. ലക്ഷക്കണക്കിന് തീർത്ഥാടകർ വരുന്ന ഒരു പ്രദേശമെന്ന നിലയിൽ ആ പാലത്തിന്റെ പണി പൂർത്തിയാക്കിയില്ലെങ്കിൽ തീർത്ഥാടകർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകും. ദീർഘദൂര എം.സി. റോഡുള്ള ചെങ്ങന്നൂർ മണ്ഡലത്തിന്റെ ഭാഗമായി വരുന്ന കുളനടയോട് ചേർന്നുള്ള ഒരു പ്രദേശമായതുകൊണ്ടാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. ആ പാലം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത്രയും കാര്യങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാല് പാലങ്ങളുടെ കാര്യങ്ങളാണ് ബഹുമാനപ്പെട്ട ചെങ്ങന്നൂർ മെമ്പർ അഡ്വ. രാമചന്ദ്രൻ നായർ ഉന്നയിച്ചത്. അതിൽ ശബരിമലയിലേയ്ക്കുള്ള പ്രധാന പാലമായ പന്തളം പാലവും വരുന്നുണ്ട്. ഈ നാല് പാലങ്ങൾക്കും കൂടി 47 കോടി രൂപയുടെ സാങ്കേതിക അനുമതിയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. അദ്ദേഹം

പറഞ്ഞതുപോലെതന്നെ കൈപ്പാലക്കടവ്, വഴിവാടിക്കടവ്, നെൽപ്പുരക്കടവ് എന്നീ മൂന്ന് പാലങ്ങൾക്കും ഒരു പൈസപോലും ബഡ്ജറ്റിൽ മാറ്റിവയ്ക്കാതെ സർവ്വസാധാരണയായി ചെയ്യുന്നതുപോലെ എ.എസ്. കൊടുക്കുക മാത്രമാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. എങ്കിലും അതിന്റെ പണിയുമായി മുന്നോട്ടുപോകുവാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ട്. പണിയാതിരിക്കുന്ന പ്രശ്നമുദിക്കുന്നില്ല. ആ എ.എസ്.-ലെല്ലാം അന്നത്തെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി എഴുതി വയ്ക്കുന്നത്, “subject to the condition that concurrence of the Government should be obtained before tender”. അങ്ങനെ എല്ലാത്തിലും എഴുതിവയ്ക്കുകയാണ്. എങ്കിലും അതിന്റെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. അതിൽ കൈപ്പാലക്കടവ് പാലത്തിന്റെ ഡിസൈൻ റിവൈസ് ചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുകയാണ്. അത് പൂർത്തിയാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി മുന്നോട്ട് പോകുന്നതാണ്. വഴിവാടിക്കടവ് പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു, അത് കിട്ടുന്ന മുറയ്ക്ക് റ്റി.എസ്. നൽകുന്നതാണ്.

നെൽപ്പുരക്കടവ് പാലത്തിനുവേണ്ടി സ്ഥലത്തിന്റെ മണ്ണ് പരിശോധന നടക്കുന്നതേയുള്ളൂ, ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്. പന്തളം പാലത്തെപ്പറ്റി അദ്ദേഹം പറഞ്ഞത് ശരിയാണ്. അതിന്റെ നിർമ്മാണ കാലാവധി 2017-വരെയുണ്ട്. ശബരിമല സീസൺ വരുന്നതുകൊണ്ട് അവരോട് വേഗത്തിൽ പണികൾ പൂർത്തിയാക്കുവാൻ പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു വ്യവസ്ഥ അവരുടെ കോൺട്രാക്ടിലുള്ളതല്ല. എങ്കിലും അവർ വേഗം ചെയ്യുന്നുണ്ട്. ഈ നവംബർ മാസത്തിൽതന്നെ കഴിയുന്നതും ശബരിമല സീസൺ തുടങ്ങുന്ന നവംബർ 14-ന് മുമ്പുതന്നെ പണികൾ തീർക്കുന്നതാണ്. അതിനായി ഉന്നതതല യോഗം വിളിച്ചു. അവർ നന്നായി പ്രവൃത്തികൾ നടത്തുന്നുണ്ട്. തീർച്ചയായും മൊത്തത്തിൽ 47 കോടി രൂപയുടെ സാങ്കേതികാനുമതി കിട്ടിയ ഈ പാലങ്ങളെല്ലാം ചെയ്യാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

## ക്ഷേമനിധിയും പെൻഷനും

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിലെ പത്രമാധ്യമങ്ങളിൽ വരുന്ന

വാർത്തകളിൽ ഗണ്യമായ വിഭാഗം വാർത്തകളും റിപ്പോർട്ട് ചെയ്യുന്നത് പ്രാദേശിക മാധ്യമപ്രവർത്തകരാണ്. കേരളത്തിൽ ഇരുപതിനായിരത്തോളം പ്രാദേശിക മാധ്യമ പ്രവർത്തകരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഒരു സംഭവം നടന്നാൽ അവിടെ ആദ്യം എത്തുന്നതും വിശ്വസനീയമായ വിവരങ്ങൾ നൽകുന്നതും ഈ പ്രാദേശിക ലേഖകന്മാരാണ്. ഇവരിൽ മഹാഭൂരിപക്ഷവും ജേർണലിസം കോഴ്സുകൾ പഠിക്കുകയോ പത്രമാധ്യമ പ്രവർത്തനങ്ങളുടെ ഔദ്യോഗിക സംവിധാനത്തിൽ ഉൾപ്പെടാത്തവരോ ആണ്. അതുകൊണ്ടുതന്നെ ജീവിതകാലം മുഴുവൻ സ്ഥിര ജോലി ലഭിക്കാനോ അതിന്റെ ഭാഗമായ ആനുകൂല്യങ്ങൾ നേടാനോ ഇവർക്ക് സാധിക്കുന്നില്ല. എന്നാൽ പത്രപ്രവർത്തനത്തിന്റെ കേന്ദ്ര സ്ഥാനത്ത് പ്രത്യേകിച്ചും പത്രവാർത്തകൾ സമാഹരിക്കുന്ന കാര്യത്തിൽ മുഖ്യമായ പങ്ക് ഇവരാണ് വഹിക്കുന്നത്. പ്രഥമവും പ്രധാനവുമായ പ്രവർത്തനം നടത്തുന്നവരാണ് ഈ പ്രാദേശിക ലേഖകന്മാർ. നമ്മുടെ സംസ്ഥാനത്ത് പതിനായിരക്കണക്കിന് വരുന്ന ഇത്തരം മാധ്യമപ്രവർത്തകർക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ല. ലൈനറായി തുടങ്ങി ലൈനറായിത്തന്നെ ജോലിയിൽനിന്നും വിരമിക്കേണ്ടിവരുന്ന ഇവരുടെ പരിതാപകരമായ ജീവിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുകയാണ്. തുല്യജോലിക്ക് തുല്യ വേതനമില്ല. ഇവർക്ക് ലഭിക്കുന്നത് ആയിരം രൂപ മുതൽ പതിനായിരം രൂപ വരെയാണ്. മാത്രമല്ല ഇവർക്ക് സേവന വേതന വ്യവസ്ഥകളോ അവധികളോ ഇല്ല. അതുകൊണ്ട് ഇവർക്ക് ക്രമീകൃതമായ ഒരു വേതന വ്യവസ്ഥയുണ്ടാകണം. ഈ സ്ഥിതി കണക്കിലെടുത്തുകൊണ്ട് പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ പ്രാദേശിക മാധ്യമ പ്രവർത്തകർ വളരെ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച വിഷയങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ പരിഗണനയ്ക്ക് വരേണ്ടുന്ന പ്രശ്നവുമാണ്. ഇതെല്ലാമാണെങ്കിലും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ട് മാത്രമെ നമുക്ക് പ്രവർത്തന പരിപാടികൾ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ചട്ടങ്ങളുടേയും നിർവ്വചനത്തിന്റേയും പ്രവർത്തനരീതിയുടേയും അടിസ്ഥാനത്തിൽ

പ്രാദേശിക പത്രപ്രവർത്തകരെ 1993-ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. എന്നാൽ 2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി എന്ന കേന്ദ്ര നിയമപ്രകാരം 02.02.2016-ലെ ജി.ഒ.(പി)നം. 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. Working Journalists (Conditions of Service) and Miscellaneous Provisions Act, 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാന്റ്സ് പത്ര റിപ്പോർട്ടർ, stringer തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമ പദ്ധതി മുഖാന്തരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, അപകടാനുകൂല്യം എന്നിവയ്ക്കും ഈ വിഭാഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.